# ആന്തരിക കരുത്തിന് ആരാധനകൾ

ലേഖനം

**കുഞ്ഞുമുഹമ്മദ് പുലവത്ത്**

**മനുഷ്യന്റെ** ധാർമികചിന്തയും സദാചാരബോധവും വെല്ലുവിളിക്കപ്പെടുന്ന കുത്തഴിഞ്ഞ ഒരു സാമൂഹിക പരിസരമാണ് എവിടെയുമിന്ന് കാണാൻ കഴിയുന്നത്. നന്മയും വിശുദ്ധിയും ജീവിതത്തിൽ നിലനിന്നു കാണാനാഗ്രഹിക്കുന്നവർക്ക് പോലും ചതിക്കുഴികളിൽ നിന്ന് രക്ഷപ്പെടാൻ വല്ലാതെ പ്രയാസപ്പെടേണ്ടിവരുന്നു. "ഭീഷണമായ ഒരു കാലഘട്ടം വരാനിരിക്കുന്നു. സ്വന്തം ദീനിനെ കാത്തുസൂക്ഷിക്കാൻ അന്ന് ഒരു മുസ്‌ലിമിന് പർവതശിഖരങ്ങളോ മഞ്ഞുപെയ്യുന്ന താഴ്‌വരകളോ അന്വേഷിച്ചുപോവേണ്ടിവരും" എന്ന് നബി(സ) ദീർഘദർശനം ചെയ്തത് (ബുഖാരി) ഇന്നത്തേതുപോലുള്ള ഒരു കാലഘട്ടത്തെയാണോ ഓർമപ്പെടുത്തുന്നത്? 'ദീൻ' എന്ന വാക്ക് ഇവിടെ പ്രതിനിധാനം ചെയ്യുന്നത് സംസ്കാരത്തെയും ധർമവിചാരത്തെയും സാന്മാർഗികബോധത്തെയും മൂല്യങ്ങളെയുമൊക്കെയാണ്. അവയൊക്കെ വെല്ലുവിളിക്കപ്പെടുന്ന ഒരു സാമൂഹികാവസ്ഥ എത്ര ഭയാനകമായിരിക്കും.

ഏതൊരാളുടെയും ജീവിതത്തിൽ ഒട്ടേറെ പ്രശ്നങ്ങളുണ്ടാകാറുണ്ട്. തീരുമാനങ്ങളെടുക്കേണ്ട സന്ദർഭങ്ങൾ വരാറുണ്ട്. ഇവിടെയൊക്കെ അയാളെ സ്വാധീനിക്കുന്ന ഘടകമെന്താണ്? പ്രധാനമായും മൂന്നെണ്ണമാണത്. അതിൽ ഏതെങ്കിലുമൊന്നാകാം അയാളെ സ്വാധീനിക്കുക. ഒന്നുകിൽ അയാളുയർത്തിപ്പിടിക്കുന്ന വിശ്വാസം, അതല്ലെങ്കിൽ അയാളുടെ നിക്ഷിപ്ത താൽപര്യങ്ങൾ, അതുമല്ലെങ്കിൽ സമ്മർദങ്ങൾ. സമ്മർദങ്ങളെന്നത് കുടുംബപരമോ രാഷ്ട്രീയപരമോ സാമൂഹികപരമോ എന്തുമാകാം. പ്രയോഗതലത്തിൽ കണ്ടുകൊണ്ടിരിക്കുന്നത് താൽപര്യങ്ങളുടെയും സമ്മർദങ്ങളുടെയും സ്വാധീനവലയത്തിൽപെട്ട് മനുഷ്യൻ തന്റെ വിശ്വാസം അഥവാ 'ദീൻ' ബലികഴിക്കുന്നതാണ്. അഴിമതി നടത്തുന്ന രാഷ്ട്രീയക്കാരനും കൈക്കൂലി വാങ്ങുന്ന ഉദ്യോഗസ്ഥനും കൃത്രിമം കാട്ടുന്ന ബിസിനസ്സുകാരനും സത്യം മറച്ചുവെക്കുന്ന പുരോഹിതനുമെല്ലാം ഒരുപോലെ ബലികഴിക്കുന്നത് മൂല്യങ്ങളെയാണ്.

എന്തുകൊണ്ടാണിത് സംഭവിക്കുന്നത്? ഭൗതികജീവിതത്തിന്റെ സുഖസമൃദ്ധികൾക്ക് പ്രാമുഖ്യം നൽകുകയും ഐഹികലോകത്ത് ചെയ്യുന്ന സ്വന്തം കർമങ്ങൾക്ക് മരണാനന്തര ലോകത്ത് കണക്ക് ബോധിപ്പിക്കേണ്ടിവരുമെന്നുമുള്ള വീണ്ടുവിചാരം നഷ്ടപ്പെടുകയും ചെയ്യുമ്പോഴാണ്  ഏതൊരാൾക്കും ഈ അപചയം സംഭവിക്കുന്നത്. തീവ്രമായ ഭക്തിയും ഉറച്ച ഇഛാശക്തിയും പകർന്നുനൽകുന്ന ആന്തരികമായ കരുത്തുകൊണ്ടു മാത്രമേ ഈ അപചയത്തെ അതിജീവിക്കാനാവൂ. രാജകീയ

ചക്രവർത്തിയുടെ പത്നിയായിട്ടും കൊട്ടാരജീവിതം ലഭ്യമായിട്ടും ആസിയാ ബീവിയെ കീഴ്പ്പെടുത്താൻ പ്രലോഭനങ്ങൾക്ക് കഴിഞ്ഞില്ല. ഈജിപ്തിലെ കൊട്ടാരത്തേക്കാൾ അവർക്ക് പ്രധാനം സ്വർഗത്തിൽ അല്ലാഹുവിന്റെ സന്നിധിയിൽ ഒരു ഭവനമായിരുന്നു. ആ ഭവനത്തോടുള്ള അത്യധികമായ അനുരാഗമായിരുന്നു അവരെ ആർജവമുള്ള ഒരു വിശ്വാസിനിയാക്കി മാറ്റിയത്. "നിന്നെ സംബന്ധിച്ചേടത്തോളം ഇഹലോകത്തേക്കാൾ മികച്ചത് പരലോകമാണ്" (ഖുർആൻ: *അദ്ദുഹാ* 4).

സൗഭാഗ്യങ്ങളുടെ പ്രൗഢിയിലോ പൊലിമയിലോ ധിക്കാരിയും സ്വേഛാധിപതിയുമായ ഭർത്താവിന്റെ നിഷേധാത്മകമായ ശാസനകളിലോ ഒന്നും വശംവദയാകാതെ സ്വന്തം വിശ്വാസത്തിന്റെ തീക്ഷ്ണതയും മൂർഛയും എപ്പോഴും ഉയർത്തിപ്പിടിച്ച ഫിർഔന്റെ ഭാര്യ ആസിയാ ബീവിയിൽ നമുക്ക് കാണാൻ കഴിയുന്നത് ഈ ആന്തരിക കരുത്താണ്. "ഫിർഔന്റെ പത്നിയെ അല്ലാഹു വിശ്വാസികൾക്ക് ഒരു മാതൃകയായി അവതരിപ്പിക്കുന്നു. അവൾ പ്രാർഥിച്ചു: എന്റെ നാഥാ, സ്വർഗത്തിൽ നിന്റെ സന്നിധിയിൽ എനിക്കായി നീയൊരു ഭവനം നിർമിച്ചുതരേണമേ. ഫിർഔനിൽനിന്നും അവന്റെ ചെയ്തികളിൽനിന്നും അക്രമികളായ ജനതയിൽനിന്നും എന്നെ നീ രക്ഷപ്പെടുത്തണേ" (ഖുർആൻ 66:11). ചക്രവർത്തിയുടെ പത്നിയായിട്ടും കൊട്ടാരജീവിതം ലഭ്യമായിട്ടും ആസിയാ ബീവിയെ കീഴ്പ്പെടുത്താൻ പ്രലോഭനങ്ങൾക്ക് കഴിഞ്ഞില്ല. ഈജിപ്തിലെ കൊട്ടാരത്തേക്കാൾ അവർക്ക് പ്രധാനം സ്വർഗത്തിൽ അല്ലാഹുവിന്റെ സന്നിധിയിൽ ഒരു ഭവനമായിരുന്നു. ആ ഭവനത്തോടുള്ള അത്യധികമായ അനുരാഗമായിരുന്നു അവരെ ആർജവമുള്ള ഒരു വിശ്വാസിനിയാക്കി മാറ്റിയത്. "നിന്നെ സംബന്ധിച്ചേടത്തോളം ഇഹലോകത്തേക്കാൾ മികച്ചത് പരലോകമാണ്" (ഖുർആൻ: *അദ്ദുഹാ* 4).

പ്രലോഭനങ്ങളെയും സമ്മർദങ്ങളെയും അതിജീവിക്കാനുള്ള കരുത്ത് വ്യക്തികൾക്ക് എവിടെ നിന്നാണ് ലഭിക്കുക? ഒരു രാത്രികൊണ്ടോ പകലുകൊണ്ടോ നേടിയെടുക്കാവുന്നതാണോ ഇത്? നിരന്തരവും അർഥപൂർണവുമായ ജീവിതാനുഭവങ്ങളിലൂടെയും പ്രക്രിയകളിലൂടെയും കടന്നുപോയാലല്ലാതെ വ്യക്തികൾക്ക് ആന്തരികമായ കരുത്തു കിട്ടുകയില്ല. അതുതന്നെ ശാസ്ത്രീയമായി ചിട്ടപ്പെടുത്തപ്പെട്ട അനുഭവങ്ങളിലും പ്രക്രിയകളിലും ആയിരിക്കുകയും വേണം. മുഹമ്മദ് നബി(സ)ക്ക് പ്രവാചകത്വം കൊടുത്തനുഗ്രഹിച്ചതിന്റെ ലക്ഷ്യങ്ങളിൽ ഒന്ന് വ്യക്തികളെ സ്വഭാവപരമായി പാകപ്പെടുത്തിയെടുത്തും സംസ്കരിച്ചും ആന്തരികമായ അതിജീവനശേഷിയുണ്ടാക്കുകയായിരുന്നു. "നിരക്ഷരരായ ഒരു ജനതയിൽ, അവരിൽനിന്നുതന്നെ ഒരു പ്രവാചകനെ നിയോഗിച്ചത് അല്ലാഹുവാണ്. ദൈവികദൃഷ്ടാന്തങ്ങൾ അദ്ദേഹം അവർക്ക് ഓതിക്കൊടുക്കുകയും അവരെ സംസ്കരിച്ച് പാകപ്പെടുത്തുകയും വേദഗ്രന്ഥവും തത്വജ്ഞാനവും അവർക്ക് പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു. അതിനു മുമ്പ് അവർ ബഹുദൂരം വഴിപിഴച്ചുപോയിരുന്നു" (ഖുർആൻ 62:1,2).

ഇസ്ലാമിലെ ആരാധനകളുടെയും അനുഷ്ഠാനങ്ങളുടെയും യുക്തിഭദ്രത ഇവിടെ നമുക്ക് ബോധ്യമാകും. വ്യക്തിയുടെ ജീവിതത്തിൽ മാറ്റമുണ്ടാകുന്നത് അവന്റെ ചിന്തയിലും മനോഭാവത്തിലും സമീപനങ്ങളിലും വ്യവഹാരരീതികളിലും മാറ്റമുണ്ടാകുമ്പോഴാണ്. ഇസ്ലാമിലെ ഇബാദത്തുകളുടെ ലക്ഷ്യം ഇപ്പറഞ്ഞ ഓരോന്നുമാണ്. അചേതനങ്ങളായ ചടങ്ങുകളായി അനുഷ്ഠാനങ്ങളോ ആരാധനകളോ തരംതാണു പോകാതിരിക്കാൻ ദീനിന്റെ പ്രമാണങ്ങൾ മുൻകരുതലെടുത്തിട്ടുണ്ട്. വ്യക്തിയെ സദാ സക്രിയമാക്കി നിർത്തുന്ന ചടുലത ഇബാദത്തുകൾക്കുണ്ടാവണം. ദിനേന അഞ്ചുനേരത്തെ നമസ്കാരം, പ്രതിവർഷം ഒരു മാസത്തെ നോമ്പ്, കൊല്ലം തോറുമുള്ള നിർബന്ധ ദാനം, സാധിക്കുമെങ്കിൽ ജീവിതത്തിലൊരിക്കൽ ഹജ്ജ് എന്നിങ്ങനെയുള്ള അനുഷ്ഠാനങ്ങളുടെ ഘടനയും സ്വഭാവവും വിശകലനം ചെയ്താൽ നമുക്കവയുടെ ശാസ്ത്രീയമായ പ്രക്രിയാപരത ബോധ്യപ്പെടും. വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് എപ്പോഴെങ്കിലും അനുഷ്ഠിച്ചുവിടാവുന്ന തരത്തിലല്ല അവയൊന്നും ക്രമീകരിച്ചിട്ടുള്ളത്. നൈരന്തര്യം, കൃത്യത, സൂക്ഷ്മത, പൂർണത മുതലായ സവിശേഷതകൾ ഇസ്ലാമിലെ അനുഷ്ഠാനങ്ങൾ നിർബന്ധമായും ആവശ്യപ്പെടുന്നുണ്ട്.

നമസ്കാരത്തെ വിശകലനം ചെയ്തുനോക്കാം. നിത്യജീവിതത്തിൽ ദൈവസ്മരണ സജീവമാക്കി നിർത്താൻ വേണ്ടിയാണ് വിശ്വാസികളോട് നിർബന്ധമായും നമസ്കാരമനുഷ്ഠിക്കാൻ കൽപിച്ചത്. ദിനേന നിർവഹിക്കേണ്ട നിർബന്ധ നമസ്കാരങ്ങൾക്കും അല്ലാഹുതന്നെ സമയനിർണയം നടത്തിയിട്ടുണ്ട്. ഇളവുകൾ നൽകപ്പെട്ടവരൊഴികെയുള്ള എല്ലാവരും പ്രസ്തുത സമയനിർണയം പാലിക്കാൻ ബാധ്യസ്ഥരാണ്. നമസ്കാരത്തിനു മുമ്പ് ശരീരത്തിലെ മാലിന്യം നീക്കംചെയ്ത് അംഗശുദ്ധിവരുത്തണം. വൃത്തിയുള്ള വസ്ത്രം ധരിച്ച് വൃത്തിയുള്ള സ്ഥലത്തു വെച്ചുവേണം നിർവഹിക്കാൻ. മുഹമ്മദ് നബി(സ) പഠിപ്പിച്ചുതന്ന രീതിയിലും ക്രമത്തിലുമായിരിക്കണം നമസ്കാരം നിർവഹിക്കേണ്ടത്. സ്വന്തം സൃഷ്ടികർത്താവിനോട് ഒരു വിശ്വാസി ആത്മീയമായി നടത്തുന്ന സംവദിക്കലാണ് സിദ്ധാന്തപരമായി നമസ്കാരമെങ്കിലും ചിന്തയിലും മനോഭാവത്തിലും അനിഷേധ്യമായ മാറ്റം വരുത്താൻ പോന്ന അനുഷ്ഠാനമൂല്യം നമസ്കാരത്തിനുണ്ട്. സ്വാർഥത, കുടിലത, അസ്വസ്ഥത, പരോപകാര വിമുഖത തുടങ്ങിയ നിഷേധാത്മക പ്രവണതകളിൽനിന്നും വിശ്വാസിയെ നമസ്കാരം വിമോചിപ്പിക്കേണ്ടതുണ്ടെന്നാണ് ഖുർആൻ അതു സംബന്ധമായി പറഞ്ഞിട്ടുള്ളത്. "തീർച്ചയായും മനുഷ്യൻ ഒരു ദുർബല സൃഷ്ടിയാണ്. ദോഷം ബാധിച്ചാൽ അവൻ വിരണ്ടുപോകും. ഗുണം കിട്ടിയാലാകട്ടെ പിശുക്കുകാട്ടുകയും ചെയ്യും. നമസ്കരിക്കുന്നവർ മാത്രമേ ഇതിൽനിന്നൊഴിവുള്ളൂ. നമസ്കാരം പതിവായി അനുഷ്ഠിക്കുന്നവരാണവർ" (70:19-23). മനുഷ്യന്റെ ദൗർബല്യങ്ങളെയും ചാപല്യങ്ങളെയും ചികിത്സിച്ചു ഭേദപ്പെടുത്തുന്നതിൽ നമസ്കാരത്തിന് നിർണായകമായ പങ്കു വഹിക്കാനുണ്ടെന്നല്ലേ ഇതിൽനിന്ന് മനസ്സിലാകുന്നത്.

'നിങ്ങൾ സൂക്ഷ്മതയുള്ളവരാകാൻ വേണ്ടി' നോമ്പെടുക്കാനാണല്ലോ അല്ലാഹു അനുശാസിക്കുന്നത്. അതായത്, നോമ്പിന് ഒരു ലക്ഷ്യമുണ്ട്. ആ ലക്ഷ്യം തഖ്വയാണ്. സൂക്ഷ്മത, ഭക്തി, മൂല്യവിചാരം എന്നൊക്കെ തഖ്വയെ നമുക്ക് ഭാഷാന്തരപ്പെടുത്താം. ശരീരത്തെ പട്ടിണിക്കിട്ടതുകൊണ്ടു മാത്രം ഈ ലക്ഷ്യം നേടാൻ ഒരു വ്യക്തിക്ക് കഴിയുമോ? കഴിയുമായിരുന്നെങ്കിൽ നമ്മുടെ രാജ്യത്ത് പട്ടിണികിടക്കുന്ന ദരിദ്രന്മാരെല്ലാം സൽകർമികളും പുണ്യാളന്മാരും ഭക്തന്മാരുമൊക്കെ ആകേണ്ടതായിരുന്നില്ലേ? വിശപ്പും ദാഹവും വഴി ശരീരത്തെ പാകപ്പെടുത്തുന്നതോടൊപ്പം നാവിനും കണ്ണിനും കാതിനും ലൈംഗികാവയവങ്ങൾക്കും വിചാരവികാരങ്ങൾക്കുമെല്ലാം കടിഞ്ഞാണിടാൻ ഒരു നോമ്പുകാരനു കഴിയുമ്പോഴേ ലക്ഷ്യം നേടാൻ കഴിയൂ. ഒരു മാസം പൂർത്തിയാവുമ്പോൾ, ഓരോ വർഷവും ഇതേ പ്രകിയ ആവർത്തിക്കപ്പെടുമ്പോൾ വ്യക്തിയുടെയുള്ളിലും പുറത്തും വലിയ മാറ്റം പ്രകടമാകും. ആന്തരിക കരുത്ത് ഇസ്ലാം ഉറപ്പുവരുത്തുന്നത് ഇങ്ങനെയാണ്. നമസ്കാരവും സകാത്തും ഹജ്ജും വിശകലനം ചെയ്താൽ ഇതേ യുക്തി കൂടുതൽ വ്യക്തമാകും. ■